**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **353** — 18.03.2013-ന് മറുപടിയ്ക്ക്

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ വിഭാഗത്തിലേക്കുള്ള നിയമനങ്ങളുടെ മാനദണ്ഡം

| ചോദ്യം | മറുപടി. |
| --- | --- |
| ശ്രീ. പി. കെ. ബഷീർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ വിഭാഗത്തിലേക്കുള്ള നിയമനങ്ങൾക്ക് മാനദണ്ഡം എന്തെങ്കിലും നിശ്ചയിച്ചിട്ടുണ്ടോ; എന്തൊക്കെയാണെന്ന് വിശദമാക്കുമോ: | എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻബ്യൂറോയിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ നിയമനം പൊതു മാനദണ്ഡ പ്രകാരം പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും ആണ് നടത്തുന്നത്. പോലീസ് ഇൻസ്പെക്ടർമാർ വരെയുള്ള പോലീസ് ഉദ്യോഗസ്ഥരെ വിജിലൻസ് ഡയറക്ടറുടെ ശുപാർശ പ്രകാരം സംസ്ഥാന പോലീസ് മേധാവിയും, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് മുതൽ മുകളിലേയ്ക്കുള്ളവരെ സർക്കാരും ആണ് നിയമിക്കുന്നത്. |
| ബി) വിജിലൻസ് അന്വേഷണങ്ങളുടെ കാര്യത്തിലുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | 'ബി'യും 'സി' യും |
| സി) എങ്കിൽ അത് പരിഹരിക്കുവാനുള്ള എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | 12/05/1992-ലെ ജി.ഒ.(പി) നമ്പർ 65/92/വിജി പ്രകാരം വിജിലൻസ് അന്വേഷണങ്ങൾപൂർത്തിയാക്കുന്നതിന് മൂന്ന് മാസ കാലാവധി നിശ്ചയിച്ചിട്ടുണ്ടെങ്കിലും അന്വേഷണ ഉദ്യോഗസ്ഥരുടെ ജോലി ബാഹുല്യം, മറ്റ് വകുപ്പുകളിൽ നിന്നും അന്വേഷണങ്ങളുമായി ബന്ധപ്പെട്ട രേഖകളും, റെക്കോർഡുകളും ലഭിക്കുന്നതിനുള്ള കാലതാമസം മുതലായ കാരണങ്ങളാൽ ചില വിജിലൻസ് അന്വേഷണങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധിക്കാറില്ല. |

Jose C. Nathaniel
സെക്ഷൻ ഓഫീസർ